താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ (Cut off scores) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 13 സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

126 [689] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനായി അവസാനമായി സർവ്വേ നടത്തിയത് എന്നായിരുന്നുവെന്നും പ്രസ്തുത സർവ്വേയിൽ സംസ്ഥാനത്താകമാനം ദാരിദ്ര്യരേഖയ്ക്ക് കീഴിൽ എത്ര കുടുംബങ്ങളുണ്ടായിരുന്നു വെന്നും വ്യക്തമാക്കാമോ;

(ബി) അർഹരായ അനവധി കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) ഇപ്പോഴത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് അവസാനമായി സെൻസസ്സ് നടത്തിയത് 2003 മേയ്, ജൂൺ മാസങ്ങളിലാണ്. ഈ സെൻസസ്സ് അനുസരിച്ചുള്ള കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) അർഹരായ നിരവധി കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത് കുടുംബങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ദാരിദ്ര്യം നിർണ്ണയിക്കുന്നതിന് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്ക്പോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the adjusted share computed by Planning Commission) അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ (Cut off scores) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ഡി) നിലവിലുള്ള ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖാ ലിസ്റ്റിൽ (9-ാം പദ്ധതിക്കാലത്ത് ഗ്രാമവികസന വകുപ്പ് നടത്തിയ ദാരിദ്ര്യരേഖാ സെൻസസ്സ് പ്രകാരമുള്ള ലിസ്റ്റ്) 17.23 ലക്ഷം കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

ഗ്രാമവികസന വകുപ്പ് നടത്തിവരുന്ന വികസന പദ്ധതികൾ

127 [694] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് നടത്തിവരുന്ന വികസന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്ത് എന്തെല്ലാം ഗ്രാമീണ വികസന പ്രവർത്തനങ്ങളാണ് ഗ്രാമവികസന വകുപ്പ് നടത്തിയിട്ടുള്ളത്;

(സി) വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈയിനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) പാലക്കാട് ജില്ലയിലെ ഏതെല്ലാം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പദ്ധതി പ്രവൃത്തികളാണ് ഗ്രാമവികസന വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly